"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് നക്സൽ വിരുദ്ധ ഓപ്പറേഷനിൽ കൊല്ലപ്പെട്ട സി.ആർ.പി.എഫ് ഹെഡ് കോൺസ്റ്റബിൾ മുഹമ്മദ് ഹക്കീം എസ് ന്റെ ഭാര്യ ശ്രീമതി റംസീന പി.യു വിന് തദ്ദേശസ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

G.O.(Ms)No.26/2023/SWD തീയതി,തിരുവനന്തപുരം, 31-10-2023

---

പരാമർശം:-
1. 11.03.2020 ലെ സ.ഉ. (പി) 02/2020/സൈ.ക്ഷേ.വ. നമ്പർ ഉത്തരവ്
2. 06.07.2023 ലെ സ.ഉ(കൈ)നം.20/2023/ സൈ.ക്ഷേ.വ. നമ്പർ ഉത്തരവ്
3. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 25.09.2023 ലെ LSGD/PD/48403/2023-DEFI നമ്പർ കത്ത്.

**ഉത്തരവ്**

1. സി.ആർ.പി.എഫ്- ൽ സേവനത്തിലിരിക്കെ 29.11.2022 ൽ നക്സൽ വിരുദ്ധ ഓപ്പറേഷനിൽ കൊല്ലപ്പെട്ട ഹെഡ് കോൺസ്റ്റബിൾ മുഹമ്മദ് ഹക്കീം എസ് ന്റെ ഭാര്യ ശ്രീമതി റംസീന പി.യു ന് പരാർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

2. ശ്രീമതി റംസീന പി.യു വിന് നിയമനം നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് ലഭ്യമാണെന്ന് പരാമർശം 3 കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ സി.ആർ.പി.എഫ്.-ൽ സേവനത്തിലിരിക്കെ 29.11.2022 ന് ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് നക്സൽ വിരുദ്ധ ഓപ്പറേഷനിൽ കൊല്ലപ്പെട്ട സി.ആർ.പി.എഫ് ഹെഡ് കോൺസ്റ്റബിൾ മുഹമ്മദ് ഹക്കിം എസ് ന്റെ ഭാര്യ ശ്രീമതി റംസീന

പി.യു, ധാറുസലാം, 01/373-1, ഇ.എം.എസ് നഗർ, പൈറ്റാംകുന്നം, ധോണി പി.ഒ, അകത്തേത്തറ വില്ലേജ് , പാലക്കാട് താലൂക്ക് , പാലക്കാട് - 678 009 -ന് , പരാമർ ശം 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽകി ടിയാരിയെ പാലക്കാട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകന് നിയമന ഉത്തരവ് നൽകിയ വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED RIYAZ
ADDITIONAL SECRETARY

പകർപ്പ്-

1. ശ്രീമതി റംസീന പി.യു, ധാറുസലാം, 01/373-1, ഇ.എം.എസ് നഗർ, പൈറ്റാംകുന്നം, ധോണി പി.ഒ, പാലക്കാട് 678 009 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം).
2. പ്രിൻസിപ്പൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ തിരുവനന്തപുരം. (അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 31-10-2023 15:59:14

സെക്ഷൻ ഓഫീസർ